**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 627** **28-06-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ കൈത്തറിയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ കൈത്തറിയെ സംരക്ഷിക്കാൻ മുൻകൈ എടുക്കുമോയെന്ന് അറിയിക്കുമോ; സമയബന്ധിതമായി റിബേറ്റ് നല്കാത്തത് മൂലം സഹകരണ സംഘങ്ങൾ സാമ്പത്തിക പ്രയാസത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂരിൽ ഉൾപ്പെടെയുള്ള കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ മൂല്യവർദ്ധിത പ്രവർത്തികൾക്ക് വേണ്ടി കണ്ണൂർ ജില്ലയിലെ നാട്ടുകാണിയിൽ 25.56 കോടി രൂപ മുതൽ മുടക്കിൽ പ്രവർത്തന സജ്ജമാകുന്ന പദ്ധതിയാണ് നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് & പ്രിന്റിംഗ് യൂണിറ്റ്. ഈ യൂണിറ്റിന്റെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി പ്രതിദിനം 40,000 മീറ്റർ ഫാബ്രിക് ഡൈയിംഗും 1500 മീറ്റർ ഡിജിറ്റൽ പ്രിന്റിംഗുമാണ്. കണ്ണൂർ ജില്ലയിലെ വിവിധ പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ 2021-22 സാമ്പത്തിക വർഷം ഇതുവരെ 3,25,18,322/- രൂപയും 2022-23 സാമ്പത്തിക വർഷം ഇതുവരെ 14,25,278/- രൂപയും അനുവദിച്ചിട്ടുണ്ട്. റിബേറ്റിനുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ അർഹത നിർണ്ണയിച്ച് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുക അനുവദിച്ചുവരുന്നു. അപാകതകൾ ഉള്ള അപേക്ഷകൾ ലഭിക്കുമ്പോൾ അവയുടെ അപാകതകൾ പരിഹരിച്ചശേഷമാണ് റിബേറ്റിനുള്ള അർഹത നിർണ്ണയിക്കുന്നത്. |
| (ബി) | കൈത്തറി മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കൈത്തറി മേഖലയിലേക്ക് യുവതലമുറയെ ആകർഷിക്കുവാനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് **യുവവീവ് പദ്ധതി.** തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18നും 40നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവിൽ ആദ്യ 3 മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും തുടർന്ന് മൂന്ന് മാസം സ്റ്റൈപന്റും വേതനവും ചേർത്ത് നൽകുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരത യും ഉറപ്പ് വരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന/ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും കുടുംബശ്രീയും ചേർന്നാണ് നിർവ്വഹിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നിർവ്വഹണത്തിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 45 ലക്ഷം രൂപ വിവിധ ജില്ലകളിലെ പദ്ധതി നടത്തിപ്പിനായി പൂർണമായും വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ